നെൽകൃഷിയിലെ പ്രതിസന്ധി

214 (1591) ശ്രീ. പി. ബി. അബ്ദുൽ റസാക്ക് :
ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. മോയിൻകുട്ടി :
ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽവയലുകളുടെ വിസ്തൃതി ക്രമാതീതമായി കുറയുന്നതുമൂലമുണ്ടാകുന്ന കാർഷിക, പാരിസ്ഥിതിക, സാമ്പത്തിക പ്രശ്നങ്ങളെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ പരിശോധിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) നെൽവയലുകളുടെ വിസ്തൃതി കുറയാനിടയാക്കിയ ഘടകങ്ങൾ എന്തൊക്കെയാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ വിശദീകരിക്കുമോ;

(സി) വായ്പയെടുത്ത് നെൽകൃഷി ചെയ്യുന്ന കർഷകർ, തൊഴിൽ മേഖലയിലും, സാമ്പത്തിക മേഖലയിലും, സർക്കാരിൽ നിന്നുള്ള ആനുകൂല്യങ്ങളുടെ കാര്യത്തിലും കടുത്ത പ്രതിസന്ധി നേരിടേണ്ടി വരുന്ന സ്ഥിതിവിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പരിഹാര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) നെൽവയലുകൾ മറ്റാവശ്യങ്ങൾക്കായി നികത്തുന്നതിനാലാണ് ഓരോ വർഷം കഴിയുന്തോറും നെൽകൃഷിയുടെ വിസ്തൃതി കുറഞ്ഞുവരുന്നത്. മറ്റ് വിളകളെ സംബന്ധിച്ച് നെൽകൃഷിയുടെ ഉൽപ്പാദന ചെലവ് വളരെ കൂടുതലായതിനാൽ കർഷകർ ചെലവ് കുറഞ്ഞ മറ്റ് വിളകളിലേയ്ക്ക് പോകുന്നതും മറ്റൊരു കാരണമാണ്.

(സി) സർക്കാരിൽനിന്നുള്ള ആനുകൂല്യങ്ങൾ കർഷകർക്ക് കൃത്യമായി യഥാസമയം നൽകി വരുന്നുണ്ട്.

കാറ്റുവീഴ്ചയെ പ്രതിരോധിക്കാൻ കഴിയുന്ന തെങ്ങിൻ തൈകൾ

215 (1592) ശ്രീ. എ. കെ. ശശീന്ദ്രൻ :
ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തെങ്ങിനെ ക്ഷയിപ്പിക്കുന്ന കാറ്റു വീഴ്ചയെ പ്രതിരോധിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിനെ സംബന്ധിച്ച് സി.പി.സി.ആർ.ഐ. സർവ്വേ നടത്തിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly